പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1651   14.07. 2016 ൽ മറുപടിക്ക്

കെ.എസ്. ഇ.ബി. യിൽ കാഷ്യർ തസ്തികയിലെ ഒഴിവുകൾ

ചോദ്യം   ഉത്തരം

ശ്രീ.മഞ്ഞളാംകുഴി അലി   ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ കാഷ്യർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ പി,എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബാക്കിയുണ്ട്; | (എ) കെ.എസ്.ഇ.ബി ലിമിറ്റഡിൽ തസ്തികകളിൽ എത്ര ജീവനക്കാർ ആവശ്യമുണ്ട് എന്നതിനെ സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം കോഴിക്കോട് നടത്തിയിട്ടുണ്ട്. ടി പഠന റിപ്പോർട്ട് കെ.എസ്.ഇ.ബി ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് വിശദമായി പഠിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഫിനാൻസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ ഉൾപ്പെടെയുള്ള തസ്തികയുടെ അനുവദനീയമായ ഒഴിവുകൾ എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (ബി) കെ.എസ്.ഇ.ബി.യിൽ നിലവിൽ വരുന്ന ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്ന് കർശനമായി പരിശോധിക്കാറുണ്ടോ; എങ്കിൽ യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; | (ബി)&(സി) യഥാസമയം തന്നെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാറുണ്ട്. |
| (സി) കെ.എസ്.ഇ.ബി.യിലെ എല്ലാ തസ്തികയിലുമുള്ള ഒഴിവു -കളും മുൻകൂർ ഒഴിവുകളും പി.എസ്.സി.ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ